compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

കേരള ഗസറ്റ്

KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2024 ഡിസംബർ 10

Tuesday, 10th December 2024

1200 വൃശ്ചികം 25

25th Vrischikam 1200

1946 അഗ്രഹായനം 19

19th Agrahayana 1946

വാല്യം 13

Vol. XIII

നമ്പർ / **No.** 50

Part III

Forest and Wildlife Department

©

കേരള സർക്കാർ

GOVERNMENT OF KERALA

2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ലേല പരസ്യം

നമ്പർ പ്രൊ. (4) 53413/2016. 2024 ഡിസംബർ 4.

ജി. ഒ. (ആർ ടി.) നമ്പർ 132/2014/F&WLD തീയതി 18-3-2014 പ്രകാരം തടിയും മറ്റു വന വിഭവങ്ങളും ഓൺലൈനായി വിറ്റഴിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇ-ലേലം സംബന്ധിക്കുന്ന വ്യവസ്ഥകൾ കേരള ഗസറ്റ് നമ്പർ 36, തീയതി 16-9-2014 പ്രകാരം വിജ്ഞാപനം ചെയ്തും ആയത് ഭേദഗതി വരുത്തി 4-11-2014-ലെ ഗസറ്റ് നമ്പർ 43, 25-8-2015-ലെ ഗസറ്റ് നമ്പർ 34 13-10-2015-ലെ ഗസറ്റ് നമ്പർ 40, 1-11-2016-ലെ ഗസറ്റ് നമ്പർ 43 എന്നിവയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ തടി ഡിപ്പോകളിൽ 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ തടിയും മറ്റു വന വിഭവങ്ങളും ഇ-ലേലം നടത്തുന്നതിനുള്ള തീയതികൾ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു. ടിംബർ സെയിൽസ് ഡിവിഷനുകളിലെ പ്രത്യേക ഡിപ്പോകളിൽ തടിയുടെ ലഭ്യത അനുസരിച്ച് ഇ-ലേലത്തിൽ വിറ്റഴിക്കുന്ന തടിയുടെയും മറ്റു വനവിഭവങ്ങളുടെയും വിശദവിവരം www.mstcecommerce.com എന്ന വെബ്സൈറ്റിൽ ഇ-ലേലം നടത്തുന്ന തീയതിക്ക് 10 ദിവസങ്ങളെങ്കിലും മുൻപെ ലഭ്യമാകുന്നതാണ്.

ക്രമനമ്പർ	ടിംബർ സെയിൽസ് ഡിവിഷൻ	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)
1	**തിരുവനന്തപുരം** (കുളത്തൂപ്പുഴ, ആര്യങ്കാവ്, തെൻമല, അച്ചൻകോവിൽ, മുള്ളുമല അനക്സ് ഡിപ്പോകൾ)	4* 13 20 29	5 13 20 25	6 15 24 29	5* 9 16 30	3* 9 13 20	4 10 20 26	5* 22 30	7 20 22 27	1 12 24 30	4* 13 18 30	4 19 27	4 11 19 22
2	**പുനലൂർ** (തുയ്യം,കടയ്ക്കാമൺ,പത്തനാപുരം, കോന്നി, വീയ്യപുരം, അരീക്കകാവ് ഡിപ്പോകൾ)	6 14 21 28	6 14 21 28	7 18 25	3 11 19	6 14 21 29	5 13 21 30	7 15 23 31	8 16 29	8 16 25	4* 9 27	5 13 20 25	5 12 20 30
3	**കോട്ടയം** (കോതമംഗലം, തലക്കോട്, വെട്ടിക്കാട്, പാറാമ്പുഴ ഡിപ്പോകൾ)	7 15 22 31	7 15 18	1* 11 19 26	4 22 24	7 17 22 30	9 16 24	1 8 17	1 11 19	2 18 26	7 21 29	6 14 21 29	6* 15 31
4	**പെരുമ്പാവൂർ** (ചാലക്കുടി, വീറ്റൂർ, മുടിക്കൽ, ചെട്ടിക്കുളം, വരാപ്പുഴ ഡിപ്പോകൾ)	8 16 23	1* 10 17	3 12 17 27	2 10 22 28	8 16 23 31	7* 17 25	2 9 14 25	2* 12 21 26	3 15 29	7 15 22	7 11 15	8 16 23

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)
5	**പാലക്കാട്**	1	3	4	5*	2	2	3	4	1	3	1*	2
	(സെൻട്രൽ ഡിപ്പോ	9	6	10	7	8	9	10	8	10	8	10	9
	അരുവാക്കോട്,	17	12	15	11	15	12	18	13	17	16	17	17
	നെടുങ്കയം,	24	20	20	21	22	18	23	18	22	23	24	22
	വാളയാർ)	30	27	26	28	28	25	29	25	29	28	28	29
6	**കോഴിക്കോട്**	3	3	5	2	5	3	4	5	3	6	3	3
	(ചാലിയം,	10	19	14	8	12	11	11	14	11	10	12	10
	കുപ്പാടി,	18	24	21	25	19	19	21	30	23	17	18	18
	മഞ്ചക്കൽ, പരപ്പ,	27			29	27	27	28			24	26	26
	കണ്ണോത്ത്,												
	ബാവലി												
	ഡിപ്പോകൾ)												

* ആദ്യത്തെ ശനിയാഴ്ച നിശ്ചയിച്ചിട്ടുള്ള ലേലം അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം നടത്തുന്നതായിരിക്കും.

ലേല തീയതികളിലോ, ഡിവിഷനുകളിലോ മാറ്റം ഉണ്ടാകുകയാണെങ്കിൽ പത്രപരസ്യം മൂലവും, കേരള വനം വകുപ്പ്/ എം. എസ്. റ്റി. സി. എന്നിവയുടെ വെബ്സൈറ്റ് വഴിയും അറിയിക്കുന്നതാണ്.

No. Pro.(4) 53413/2016. *4th December 2024.*

As per G. O. (Rt.) No. 132/2014/F&WLD dated 18-3-2014, Government have decided to sell timber and other forest produce through online mode. The conditions governing e-auctions were notified in the Kerala Gazette No. 36 dated 16-9-2014 as amended in Gazette No.43 dated 4-11-2014, Gazette No.34 dated 25-8-2015, Gazette No.40 dated 13-10-2015, Gazette No.43 dated 1-11-2016. The following dates are notified for conduct of e-auction of timber and other forest produces in various Sales Depots in the State from 1st January to December 31st of 2025. Particulars of timber and other forest produce to be auctioned based on availability in specific depots of the Sales Divisions will be published in www.mstcecommerce.com at least 10 days prior to the date of auction.

Sl No.	*Name of timber Sales division*	*Jan.*	*Feb.*	*Mar.*	*Apr.*	*May.*	*Jun.*	*Jul.*	*Aug.*	*Sep.*	*Oct.*	*Nov.*	*Dec.*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)
1	**Thiruvananthapuram**	4*	5	6	5*	3*	4	5*	7	1	4*	4	4
	(Kulathupuzha,	13	13	15	9	9	10	22	20	12	13	19	11
	Aryankavu,Thenmala,	20	20	24	16	13	20	30	22	24	18	27	19
	Achancovil,Mullumala	29	25	29	30	20	26		27	30	30		22
	Annex depots)												
2	**Punalur**	6	6	7	3	6	5	7	8	8	4*	5	5
	(Thooyam, Kadackamon,	14	14	18	11	14	13	15	16	16	9	13	12
	Pathanapuram, Konni,	21	21	25	19	21	21	23	29	25	27	20	20
	Veeyapuram,	28	28			29	30	31				25	30
	Areeckakavu depots)												

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)
3	**Kottayam** (Kothamangalam, Thalakode,Vettikadu, Parampuzha depots)	7 15 22 31	7 15 18	1* 11 19 26	4 22 24	7 17 22 30	9 16 24	1 8 17	1 11 19	2 18 26	7 21 29	6 14 21 29	6* 15 31
4	**Perumbavoor** (Chalakudy, Veettoor, Mudickal, Chettikulam, Varapuzha depots)	8 16 23	1* 10 17	3 12 17 27	2 10 22 28	8 16 23 31	7* 17 25	2 9 14 25	2* 12 21 26	3 15 29	7 15 22	7 11 15	8 16 23
5	**Palakkad** (Central depot Aruvakode, Nedumkayam, Walayar)	1 9 17 24 30	3 6 12 20 27	4 10 15 20 26	5* 7 11 21 28	2 8 15 22 28	2 9 12 18 25	3 10 18 23 29	4 8 13 18 25	1 10 17 22 29	3 8 16 23 28	1* 10 17 24 28	2 9 17 22 29
6	**Kozhikode** (Chaliyam, Kuppadi, Manchakkal, Parappa, Kannoth, Baveli depots)	3 10 18 27	3 19 24	5 14 21	2 8 25 29	5 12 19 27	3 11 19 27	4 11 21 28	5 14 30	3 11 23	6 10 17 24	3 12 18 26	3 10 18 26

* Auctions decided on first Saturday will be conducted during the afternoon session of the said days.

In case, if any change in the dates of auction or the Divisions, the same will be published in the Newspaper and in the websites of Kerala Forest Department / MSTC.

Office of the Principal,
Chief Conservator of Forests (Forest Management),
Forest Headquarters, Thiruvananthapuram.

(Sd.)
Principal Chief Conservator of Forests.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റിസർച്ച് സൗത്ത് ഡിവിഷൻ, തിരുവനന്തപുരം.

ഇ-ദർഘാസ് പരസ്യം

എസ്.2 : 49579/2024 **തീയതി : 04.12.2024**

തിരുവനന്തപുരം റിസർച്ച് സൗത്ത് ഡിവിഷന്റെ പരിധിയിലുള്ള പീരുമേട്, കുളത്തുപ്പുഴ റിസർച്ച് യൂണിറ്റുകളിലെ താഴെപറയുന്ന പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് താൽപര്യമുള്ള യോഗ്യരായ രജിസ്റ്റേർഡ് കരാറുകാരിൽ നിന്നും നിലവിലുള്ളതും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതുമായ ലേല നിബന്ധനകൾക്ക് വിധേയമായും, ഓൺലൈനായി ഇ-ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസുകാരൻ വനം വകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരാവുന്നതുമായ എല്ലാ നിബന്ധനകളും പി.ഡബ്ല്യൂ.ഡി വ്യവസ്ഥകളും, ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala-gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ SBI -യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ, ദർഘാസ് സമർപ്പിക്കുന്നതിന് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ടെൻഡർ ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും e-procurement system ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേണ്ടതാണ്. ഈ ദർഘാസിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala-gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ, നിശ്ചിത സമയപരിധിക്കുശേഷമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

ക്രമ നമ്പർ	ദർഘാസ് നമ്പർ	പ്രവൃത്തിയുടെ പേര്	ഉദ്ദേശ അടങ്കൽ തുക (ലക്ഷം)	വിസ്തീർണ്ണം ഹെക്ടർ	നിരത ദ്രവ്യം	ദർഘാസ് പ്രമാണത്തിന്റെ വില (രൂപ)
(1)	S2-61562/2024	പീരുമേട് റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള വടശ്ശേരിക്കര റെയിഞ്ചിലെ തെക്കുമല 1967 തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	3.28	20	8200.00	656+118=774
(2)	S2-61563/2024	പീരുമേട് റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള വടശ്ശേരിക്കര റെയിഞ്ചിലെ പടയണിപ്പാറ 1967 തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	2.585	16	6463.00	517+93=610
(3)	S2-61565/2024	പീരുമേട് റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള വടശ്ശേരിക്കര റെയിഞ്ചിലെ പടയണിപ്പാറ 1968 തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും, തേക്ക് വിത്ത് ശേഖരണവും	2.585	16	6463.00	517+93=610
(4)	S2-61568/2024	പീരുമേട് റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള വടശ്ശേരിക്കര റെയിഞ്ചിലെ തെക്കുമല 1988 തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	2.585	16	6463.00	517+93=610
(5)	S2-61570/2024	പീരുമേട് റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള വടശ്ശേരിക്കര റെയിഞ്ചിലെ തെക്കുമല 1968 തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	3.175	20	7938.00	635+114=749
(6)	S1-61788/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള നടുവത്തുമൂഴി റെയിഞ്ചിലെ 1965 ലിറ്റിൽകൊണ്ടോട്ടി തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	1.020	6	2550.00	500+90=590
(7)	S1-61791/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള അച്ചൻകോവിൽ റെയിഞ്ചിലെ 1987 അലിഞ്ഞമൺ തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	1.115	6	2788.00	500+90=590

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(8)	S1-61792/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള അച്ചൻകോവിൽ റെയിഞ്ചിലെ 1987 കോടമല തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	1.115	6	2788.00	500+90=590
(9)	S1-61796/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള മണ്ണാറപ്പാറ റെയിഞ്ചിലെ 1974 ചെമ്പനരുവി തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	1.790	10	4475.00	500+90=590
(10)	S1-61797/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള മണ്ണാറപ്പാറ റെയിഞ്ചിലെ 1975 ചെമ്പനരുവി തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	1.790	10	4475.00	500+90=590
(11)	S1-62680/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള കോന്നി റെയിഞ്ചിലെ 1970 ആവോലിക്കുഴി തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	1.030	7	2575.00	500+90=590
(12)	S1-62681/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള ആര്യങ്കാവ് റെയിഞ്ചിലെ 1970 പാലരുവി തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	0.88	5	2200.00	500+90=590
(13)	S1-62678/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള ആര്യങ്കാവ് റെയിഞ്ചിലെ 1973 ഇടപാളയം തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	2.34	15	5850.00	500+90=590
(14)	S1-62682/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള ആര്യങ്കാവ് റെയിഞ്ചിലെ 1968 പാലരുവി തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	0.745	4	1863.00	500+90=590
(15)	S1-62683/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള ആര്യങ്കാവ് റെയിഞ്ചിലെ 1989 ഇടപാളയം തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	1.00	6	2500.00	500+90=590
(16)	S1-62730/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള ആര്യങ്കാവ് റെയിഞ്ചിലെ 1980 തലപ്പാറ തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക്	0.878	5	2195.00	500+90=590

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		വിത്ത് ശേഖരണവും				
(17)	S1-62686/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള അച്ചൻകോവിൽ റെയിഞ്ചിലെ 1993 പള്ളിവാസൽ തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	0.977	5	2443.00	500+90=590
(18)	S1-62684/2024	കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ കീഴിലുള്ള അച്ചൻകോവിൽ റെയിഞ്ചിലെ 1993 ചുട്ടിപ്പാറ തേക്ക് തോട്ടത്തിലെ പരിചരണ പ്രവർത്തനങ്ങളും തേക്ക് വിത്ത് ശേഖരണവും	0.978	5	2445.00	500+90=590

ദർഘാസ് പ്രമാണങ്ങളുടെ വില്പന	www.etenders.kerala-gov.in എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ്.
ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും	11.12.2024 4 PM
ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	19.12.2024 4 PM
ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും	21.12.2024 01 PM
കരാറുകാരന്റെ ക്ലാസ്സ്	ജി ഒ (എം എസ്സ്) 26/2017 വനം വന്യജീവി വകുപ്പ് തീയതി 20.05.2017 എന്ന സർക്കാർ ഉത്തരവ് പ്രകാരം അർഹരായ കരാറുകാർ
കരാർ കാലാവധി	31.03.2025 വരെ

ഇ- ദർഘാസിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ടെൻഡർ ഡോക്യുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ ടെണ്ടർ തുറക്കുന്നതിനു മുൻപ് സ്പീഡ്പോസ്റ്റ്/രജിസ്റ്റേർഡ് പോസ്റ്റ് വഴി സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC ൽ നിന്നോ, www.etenders.kerala-gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk ൽ നിന്നോ ഈ ഓഫീസിൽ നിന്നോ (ഓഫീസ് സമയത്ത്)അറിയാവുന്നതാണ്. ഇ- പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്‌ലോഡു ചെയ്യുന്നതിനും മറ്റുമുാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ലേല വ്യവസ്ഥകളും, ഇ-ദർഘാസ് വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദു ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വിജയിയാകുന്ന ദർഘാസുകാരൻ, ദർഘാസ് അംഗീകരിച്ച അറിയിപ്പു തീയതി മുതൽ 15 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനമോ നിയുക്ത സെക്യൂരിറ്റിഡിപ്പോസിറ്റിൽ നിന്നുള്ള തുകയോ, ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം മുദ്രപത്രത്തിൽ കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തീയതി ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും, അതേ സ്ഥലത്തും ടെർ നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ തിരുവനന്തപുരം റിസർച്ച് സൗത്ത് ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നോ പീരുമേട്, കുളത്തൂപ്പുഴ റിസർച്ച് യൂണിറ്റ് ഓഫീസുകളിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

നിബന്ധനകൾ

1. ജി ഒ (എം എസ്സ്) 26/2017 വനം വന്യജീവി വകുപ്പ് തീയതി 20.05.2017 നമ്പർ സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972, വനസംരക്ഷണനിയമം 1980 എന്നിവയിലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.
2. തിരുവനന്തപുരം റിസർച്ച് സൗത്ത് ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള ദർഘാസുകാരുടെയോ അവർ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതായിരിക്കും.
3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രമേ (ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്ക്) മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
4. ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി, ടെണ്ടർ വ്യവസ്ഥകളും, സ്ഥലവും പരിശോധിച്ച് ബോദ്ധ്യപ്പെടേതാണ്. ടെണ്ടർ സമർപ്പിച്ചതിനുശേഷം ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ സ്വീകരിക്കുന്നതല്ല.
5. ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.
6. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും വളരെ കുറവാണെന്ന് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൗത്ത് ഡിവിഷന്‍, തിരുവനന്തപുരത്തിന് ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് സംബന്ധിച്ച് ദര്‍ഘാസുകാരനില്‍ നിന്നും തൃപ്തികരമായ വിശദീകരണം നല്‍കാന്‍ ആവശ്യപ്പെടുന്നതും ഇത്തരം സന്ദര്‍ഭത്തില്‍ ദര്‍ഘാസ് അംഗീകരിക്കുന്നതിനു മുന്‍പായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% പരമാവധി (30,000/-രൂപ) പ്രത്യേക/ അധിക സെക്യൂരിറ്റിയായി ഒടുക്കുവാന്‍ ആവശ്യപ്പെടുന്നതുമാണ്.വിശദീകരണം തൃപ്തികരമല്ലാത്ത പക്ഷം അഥവാ വിശദീകരണം നല്‍കിയിട്ടില്ലായെങ്കില്‍, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം ഡെപ്യൂട്ടി ഫോറസ്റ്റ് കണ്‍സര്‍വേറ്റര്‍, റിസര്‍ച്ച് സൗത്ത് ഡിവിഷന്‍, തിരുവനന്തപുരത്തില്‍ നിക്ഷിപ്തമാണ്.

7. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്തതും, ആവശ്യമായ രേഖകള്‍ ഉള്‍പ്പെടുത്താത്തതും, നിശ്ചിത ഫോറത്തിലും, ക്രമത്തിലും എഴുതാത്തതും ആയ ദര്‍ഘാസുകള്‍ പരിഗണിക്കുന്നതല്ല.

8. ലഭിച്ചിട്ടുള്ള ദര്‍ഘാസുകള്‍ ഒന്നാം ഭാഗം തിരുവനന്തപുരം റിസര്‍ച്ച് സൗത്ത് ഡിവിഷന്‍ ഡെപ്യൂട്ടി ഫോറസ്റ്റ് കണ്‍സര്‍വേറ്ററോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ **21.12.2024** തീയതി പകല്‍ 01 മണിക്ക് അദ്ദേഹത്തിന്റെ ചേംബറില്‍ വച്ച് ഹാജരായിട്ടുള്ള ദര്‍ഘാസുകാരുടെ സാന്നിദ്ധ്യത്തില്‍ തുറക്കുന്നതാണ്.

9. മേല്‍ പറഞ്ഞിരിക്കുന്ന പ്രവൃത്തികള്‍ ഏതു സമയത്തും വനം വകുപ്പ് ഉദ്യോഗസ്ഥര്‍ക്ക് പരിശോധന നടത്താവുന്നതും പരിശോധന വേളയില്‍ ഉദ്യോഗസ്ഥര്‍ നിര്‍ദ്ദേശിക്കുന്ന കാര്യങ്ങള്‍ കരാറുകാരന്‍ നിര്‍വ്വഹിക്കേണ്ടതുമാണ്.

10. മേല്‍ പ്രവൃത്തിയില്‍ വരുന്ന തേക്ക് വിത്ത് ശേഖരണം ഫെബ്രുവരി 1-ന് ആരംഭിച്ച് ഫെബ്രുവരി 10-ാം തീയതിയ്ക്കകം പൂര്‍ത്തിയാക്കി രേഖാമൂലം ബന്ധപ്പെട്ട ഓഫീസറുടെ പക്കല്‍ ഏല്‍പ്പിക്കേണ്ടതാണ്.

11. അടങ്കല്‍ പ്രകാരമുള്ള ഒരോ പ്രവര്‍ത്തിയും നിര്‍വ്വഹിക്കുന്നതിനു മുന്‍പ് കരാറുകാരന്‍ റിസര്‍ച്ച് യൂണിറ്റ് അസിസ്റ്റന്റ് ഫോറസ്റ്റ് കണ്‍സര്‍വേറ്റര്‍മാരെ അറിയിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഫോറസ്റ്റ് കണ്‍സര്‍വേറ്റര്‍
റിസര്‍ച്ച് സൗത്ത് ഡിവിഷന്‍
തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അച്ചൻകോവിൽ ഡിവിഷൻ

ഇ-ദർഘാസ് പരസ്യം

നമ്പർ എ3-1799/2024 02 ഡിസംബർ 2024

അച്ചൻകോവിൽ ഡിവിഷന്റെ അധികാര പരിധിയിൽ വരുന്ന കല്ലാർ റെയിഞ്ചിലെ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന ഫോറസ്ട്രി ജോലികൾ പൂർത്തിയാക്കുന്നതിനുവേണ്ടി **G.O.(MS) No.26/2017/F&WLD dated 20.05.2017, G.O.(Rt) No.141/2021/F&WLD dated 06.05.2021** എന്നീ ഉത്തരവുകൾ പ്രകാരം വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ കോൺട്രാക്ടർമാരിൽ നിന്നും ബഹു.കേരള ഗവർണ്ണർക്കുവേണ്ടി അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദർഘാസുകൾ Online - മുഖേന ക്ഷണിക്കുന്നു.

ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടു വരുന്നതുമായ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഇതര മാനദണ്ഡങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇ-ദർഘാസ് പ്രമാണങ്ങളും, ഇ-ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ SBI-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ദർഘാസ് ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും e-procurement system-ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേതാണ്.

എല്ലാ ഇ-ദർഘാസ് പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും സ്വീകരിക്കുന്നതല്ല.

പട്ടിക

ക്രമ നമ്പർ	ദർഘാസ് നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക (രൂപ)	നിരത ദ്രവ്യം (രൂപ)	ദർഘാസ് ഫോറത്തിന്റെ വില (18% ജി.എസ്.ടി ഉൾപ്പെടെ) (രൂപ)	കരാർ കാലാവധിയും, കരാറുകാരുടെ യോഗ്യതയും
1	19/24-25 (എ3-1799/24)	കല്ലാർ റെയിഞ്ചിലെ അറമ്പ സെക്ഷന്റെ അധികാര പരിധിയിൽ വരുന്ന പുളിഞ്ചി മുതൽ അറമ്പമൂഴി വരെയുള്ള (6.8 കി.മീ) ഫയർ ബ്രേക്ക് ജോലികൾ 2024-25 കാലയളവിൽ നിർവ്വഹിക്കൽ.	1,47,000	3,700	525/-രൂപ + 18% ജി.എസ്.ടി 95/-രൂപ ആകെ = 620**/-രൂപ**	ഉടമ്പടി തീയതി മുതൽ 1 മാസം വരെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന	www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ്
ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും	04.12.2024 രാവിലെ 10.00 മണി മുതൽ
ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	11.12.2024 വൈകുന്നേരം 5.00 മണി വരെ
ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 13.12.2024 രാവിലെ 11.00 മണിക്ക്.
കരാറുകാരുടെ യോഗ്യത	സി-ക്ലാസ്സും അതിലുപരിയും
കരാർ കാലാവധി	പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം

ഏതെങ്കിലും കാരണവശാൽ 11.12.2024-ലെ ഇ-ദർഘാസ് നടക്കാതെ വന്നാലോ, ദർഘാസിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിലോ, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം പുനർ ഇ-ദർഘാസ് നടത്തുന്നതാണ്.

പട്ടിക

ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന പകരം തീയതിയും സമയവും	12.12.2024 രാവിലെ 10.00 മണി മുതൽ
ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	19.12.2024 വൈകുന്നേരം 5.00 മണി വരെ
ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 21.12.2024 രാവിലെ 11.00 മണിക്ക്.

ദർഘാസിനോടൊപ്പം 200/-രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, റിക്വിസിഷൻ ഫോർ ഇ-പേയ്മെന്റ്, ക്ലോസ് റ്റു ബി ഇൻക്ലൂഡഡ് ഇൻ ദി പവർ ഓഫ് അറ്റോർണി, സാക്ഷ്യപത്രം, ദർഘാസ് ഡോക്കുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ, www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ദർഘാസ് വ്യവസ്ഥകളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വിജയിയാകുന്ന ദർഘാസുകാരൻ കരാർ തുകയുടെ 0.1 ശതമാനം രൂപയുടെ (ഏറ്റവും കുറഞ്ഞത് 500/-രൂപ) മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനമോ 5,00,000/-രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദിവസം അതേ സമയത്തും, സ്ഥലത്തും വച്ച് ഇ-ദർഘാസ് തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ, ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

നിബന്ധനകൾ

1. ജി.ഒ (എം.എസ്സ്)-26/2017/വനം-വന്യജീവി വകുപ്പ് തീയതി 20.05.2017, ജി.ഒ (ആർ.റ്റി)-141/2021/വനം-വന്യജീവി വകുപ്പ് തീയതി 06.05.2021 എന്നീ സർക്കാർ ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസിനെ സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ ഭേദഗതി നിയമം 2022-ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്. വനം - വന്യജീവി വകുപ്പിൽ വിവിധ ദർഘാസുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും പുറമെ ദർഘാസ് ജോലികളുമായി ബന്ധപ്പെട്ട് വനം - വന്യജീവി വകുപ്പോ സർക്കാരോ ഭാവിയിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

2. ദർഘാസുകാർ ദർഘാസ് ഫോറത്തിന്റെ വിലയും നിരതദ്രവ്യവും ഇ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചെയ്യേണ്ടതാണ്. പണം ഒടുക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് സംവിധാനമോ മറ്റു ബാങ്കുകളുടെ NEFT മാർഗ്ഗമോ ഉപയോഗിക്കേതാണ്. ഓൺലൈൻയായി തുക ഒടുക്കുന്നതിന് NEFT സംവിധാനം ഉപയോഗിക്കുന്നവർ ദർഘാസ് അവസാനിക്കുന്ന സമയത്തിന്റെ 72 മണിക്കൂർ മുമ്പെങ്കിലും ഈ സംവിധാനം ഉപയോഗിക്കേണ്ടതും ടെണ്ടർ ഫോറത്തിന്റെ വിലയും നിരതദ്രവ്യവും അടച്ചതിന്റെ സ്ഥിരീകരണം ഈ -പ്രൊക്യൂർമെന്റ് സിസ്റ്ററ്റത്തിൽ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. NEFT വഴിയുള്ള പണമിടപാട് നടത്തുന്നതിന് ഈ-പ്രൊക്യൂർമെന്റ് സിസ്റ്റം നൽകുന്ന ഓൺലൈൻ NEFT റെമിറ്റൻസ് ഫോറം പണം ഒടുക്കിയതിന്റെ സ്ഥിരീകരണമായി പരിഗണിക്കുന്നതല്ല. NIC/SBI എന്നിവ വഴി പണം ഒടുക്കിയത് സ്ഥിരീകരിക്കുന്നതിനുണ്ടാകുന്ന ഒരുതരത്തിലുള്ള കാലതാമസത്തിനും കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

3. ദർഘാസുകാർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 200/- രൂപയുടെ കേരളാ സർക്കാർ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാർ, ഓൺലൈൻ ഇ-പേയ്മെന്റിനായി ശരിയായി പൂരിപ്പിച്ച പ്രൊഫോർമ, സാക്ഷ്യപത്രം എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് സമർപ്പിക്കേണ്ടതാണ്. തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രാഥമിക കരാറിന്റെ അസ്സൽ ദർഘാസ് എന്നിവ സീൽ ചെയ്ത കവറിലാക്കി ജോലിയുടെ പേരും ടെണ്ടർ നമ്പറും കവറിനു മുകളിൽ രേഖപ്പെടുത്തി നിശ്ചിത സമയപരിധിക്കകം അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സ്പീഡ് പോസ്റ്റോ അഥവാ രജിസ്ട്രേഡ് പോസ്റ്റോ വഴി സമർപ്പിക്കേതാണ്. ഇതിന് വീഴ്ച വരുത്തുന്നവരുടെ ദർഘാസുകൾ റദ്ദാക്കുന്നതാണ്.

4. യാതൊരു കാരണവും പറയാതെ ദർഘാസിലെ വിവരങ്ങൾ ഭേദഗതി ചെയ്യുന്നതിനോ എല്ലാ ദർഘാസുകളോ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയോ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകാരന് ഏതെങ്കിലും ഡേറ്റ ലഭിക്കാതിരിക്കുകയോ ഡൗൺലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും Scheduled രേഖകൾ നഷ്ടപ്പെടുകയോ ചെയ്യുന്നതുവഴിയുണ്ടാകുന്ന പിശകുകൾക്ക് കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

5. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ NIC-യിൽ നിന്നോ www.etender.kerala.gov.in എന്ന വെബ്സൈറ്റിലെ e-tender help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് പ്രവർത്തന സമയത്ത് ലഭ്യമാകുന്നതാണ്. ദർഘാസുകാരൻ ഇ-പേയ്മെന്റിന്റെ വിശദാംശങ്ങൾ (കോർ ബാങ്കിംഗ് സൗകര്യമുള്ളപ്പോൾ ദർഘാസുകാരന്റെ ബാങ്ക് അക്കൗണ്ട് നമ്പരും, ഈ-മെയിൽ വിലാസവും) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങളില്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

6. ദർഘാസുകാരന് ദർഘാസ് അപ്ലോഡ് ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്യുന്നത് വഴിയുണ്ടാകുന്ന ഏതെങ്കിലും അസൗകര്യത്തിനോ നഷ്ടത്തിനോ കേരളാ വനംവകുപ്പ് ഉത്തരവാദിയാകുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേതാണ്. എഗ്രിമെന്റിന്റെ കരട് ഈ ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

8. ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി ജോലി നടത്തേണ്ടസ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

9. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ, നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ ദർഘാസ് ദിവസം പകൽ 11.00-മണിക്ക് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

13. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരമോ ഇ-മെയിൽ മുഖേനയോ അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 10 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 5% രൂപ സെക്യൂരിറ്റിയായി ഒടുക്കേതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

15. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

16. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

17. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

18. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

19. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ജോലി ചെയ്യാൻ ബാധ്യസ്ഥനാണ്.

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ താഴെപ്പറയുന്ന പ്രകാരം ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ഇ-പെയ്മെന്റ് വഴിയായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

21. താഴെപ്പറയും പ്രകാരമായിരിക്കും ടി ജോലികളുടെ കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

പ്രസ്തുത ജോലികൾ നിർദ്ദിഷ്ഠ ഗുണനിലവാരത്തോടും ബന്ധപ്പെട്ട മാനദണ്ഡങ്ങളോടും കൂടി പൂർത്തിയാക്കുന്ന പക്ഷം 100% തുകയും കരാറുകാരന് അനുവദിച്ച് നൽകുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് മാറി നൽകുന്നതായിരിക്കും.

23. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

24. ഇ-ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും.

25. അതോടൊപ്പം ഇ-ദർഘാസുമായി ബന്ധപ്പെട്ട് നിലവിൽ വനം വകുപ്പും സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും ബന്ധപ്പെട്ട ഉത്തരവുകൾക്കും സർക്കുലറുകൾക്കും പുറമെ ഈ വിജ്ഞാപന തീയതിക്ക് ശേഷം സർക്കാരോ വനം വകുപ്പോ മറ്റ് വകുപ്പുകളോ ഇ-ദർഘാസുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, വ്യവസ്ഥകളും , നിബന്ധനകളും ഈ ഇ-ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

26. ഇ-ദർഘാസുമായി ബന്ധപ്പെട്ട ഉടമ്പടി നിബന്ധനകൾ ചുവടെ ചേർക്കുന്നു.

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ 0475-2342315), കല്ലാർ റെയിഞ്ച് ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ 8547600520) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

അനീഷ്. എസ്
ഡിവിഷണൽ ഫോറസ്റ്റാഫീസർ
അച്ചൻകോവിൽ
(ബഹു.കേരള ഗവർണ്ണർക്കുവേണ്ടി)

അച്ചൻകോവിൽ
02.12.2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനലൂർ ഫോറസ്റ്റ് ഡിവിഷൻ

തൊണ്ടി ലേലപ്പരസ്യം

നമ്പർ. പിഎ1- 4527/2024 **തീയതി : 04.12.2024**

പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട പത്തനാപുരം, അഞ്ചൽ എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ വനനിയമകേസ്സുകളിലെ തൊണ്ടി സാധനങ്ങൾ താഴെ പട്ടികയിൽ അതാതു റെയിഞ്ചിനു നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 3 മണിയ്ക്ക് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥലത്തു വച്ച് 11.12.2012 പ്രൊ (5) 26274/12 നമ്പരായി 25.12.2012 ലെ കേരളാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും. ലേലദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതായിരിയ്ക്കും നിശ്ചിത ലേലതീയതിയ്ക്ക് 7 ദിവസം മുമ്പ് തന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേലവസ്തുക്കളുടെ ഇനം, അളവ് മുതലായ ലോട്ടു തിരിച്ചുള്ള പട്ടിക അതാത് റെയിഞ്ച് ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതും ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലോട്ടു തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിൽ പരിശോധിച്ച് ഗുണനിലവാരം ബോദ്ധ്യപ്പെടേണ്ടതുമാണ്. ലേലത്തിനു ശേഷം ഇതു സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി തേക്ക്, ഈട്ടി എന്നിവയ്ക്ക് 20000/- രൂപയും മറ്റു തടികൾക്ക് 10000/- രൂപയും മറ്റു വനവിഭവങ്ങൾക്ക് 2000/- രൂപയും നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതും ലേലം കൊണ്ടയാൾ ലേലം കഴിഞ്ഞാലുടൻ തന്നെ ലേലത്തുകയുടെ 35% നിരതദ്രവ്യം ഉൾപ്പെടെ ഒടുക്കേണ്ടതാണ്. ലേലത്തുക 20000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലത്തുക 20000/- രൂപയിൽ കവിയുകയാണെങ്കിൽ 20000/- രൂപയോ ലേലത്തുകയുടെ 35% ഏതാണ് കൂടുതലെങ്കിൽ ആയത് ലേലം കഴിഞ്ഞാലുടനെ അടയ്ക്കേണ്ടതുമാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യപ്പെടുന്ന തൊണ്ടിയുടെ മൊത്തം തുകയും ലേലദിവസം അടയ്ക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതി മുതൽ 40 (നാൽപത്) ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും മൊത്തം നിയമാനുസൃത നികുതികളും മൊത്തം സംഖ്യയ്ക്ക് 1998 ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തുക ഈ കാലാവധിയ്ക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും ടി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതുമായിരിക്കും, അപ്രകാരം വിൽക്കുമ്പോൾ

c:\users\dfoplr\downloads\template_single_column.docx

സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ, അപ്രകാരമുള്ള നഷ്ടം പരസ്യക്കൂലി മുതലായവ വ്യവസ്ഥകൾക്ക് വിധേയമായി മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

ലേലത്തിനു ശേഷം കാലാവസ്ഥ കാരണമോ, അഗ്നി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മുതലായ കെടുതികൾ മൂലമോ, തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാവുന്ന നഷ്ടത്തിനോ, അളവ് വ്യത്യാസത്തിനോ ഡിപ്പാർട്ടുമെന്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

ലേലവ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്ന പക്ഷം ആയത് ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ചു കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിയ്ക്കും. ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ചുകളിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ്. (ഫോൺ നമ്പർ – അഞ്ചൽ റെയിഞ്ച് 0475-2270100, പത്തനാപുരം റെയിഞ്ച് 0475-2354848)

പട്ടിക		
ലേലസ്ഥലം	അഞ്ചൽ റെയിഞ്ച്	പത്തനാപുരം റെയിഞ്ച്
ലേലതീയതികൾ	21.01.2025	24.01.2025
	18.02.2025	20.02.2025
	19.03.2025	21.03.2025
	22.04.2025	24.04.2025
	20.05.2025	23.05.2025
	17.06.2025	20.06.2025
	16.07.2025	18.07.2025
	19.08.2025	22.082025
	16.09.2025	19.09.2025
	22.10.2025	24.10.2025
	18.11.2025	21.11.2025
	17.12.2025	19.12.2025

Sd/-

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
പുനലൂർ.

c:\users\dfoplr\downloads\template_single_column.docx

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PUNALUR FOREST DIVISION

RE-E-AUCTION NOTICE

PL 2- 2881 /2024

Date: 10.12.2024

